# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം ലഹരിവസ്തുക്കൾ തടയാൻ നടപടി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :4279** 21.7.15- ൽ മറുപടി നൽ കേണ്ടിയിരുന്നത്

| | ചോദ്യം<br>ശ്രീ.ലൂഡി ലൂയിസ്,<br>ശ്രീ.അൻവർ സാദത്ത്,<br>ശ്രീ.ഷാഫി പറമ്പിൽ,<br>ശ്രീ.ഹൈബി ഈഡൻ. | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | വിദ്യാലയങ്ങൾക്കും ഹോസ്റ്റലുകൾക്കും സമീപം പുകയില ഉല്പന്നങ്ങളും ലഹരിവസ്തുക്കളും വിൽക്കുന്നതും ഉപയോഗിക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവയുടെ വില്പനയും ഉപയോഗവും തടയുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ടോ; | & (ബി) | കേന്ദ്ര സർക്കാരിന്റെ നിർ ദ്ദേശ പ്രകാരം 24/11/2011-ലെ 34591/ആർ.ഡി 3/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം (അനുബന്ധം I) പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വിൽപനയ്ക്കും ഉപയോഗത്തിനുമെതിരെ പൊതുജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുവാനും ഇതിലേയ്ക്കായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി എടുക്കേണ്ടതാണെന്നും കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം 400 മീറ്റർ ചുറ്റളവിൽ ഇവയുടെ വിൽപ്പനയ്ക്കുള്ള നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് അധ്യാപകരുടേയും അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെയും പോലീസിന്റെയും സഹായം തേടേണ്ടതാണെന്നും എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർ ദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം നിർ ദ്ദേശങ്ങളും ഉത്തരവുകളും കർശനമായി പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യാൻ എന്തൊക്കെ സംവിധാനങ്ങളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വിദ്യാലയങ്ങളുടെ 400 മീറ്റർ ചുറ്റളവിൽ ലഹരിവസ്തുക്കളുടെ വിൽപനയ്ക്കുള്ള നിരോധനം ഫലപ്രദമായി നടപ്പാക്കുവാൻ അദ്ധ്യാപകരുടെയും അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകളുടെയും, പോലീസിന്റെയും, സഹായം തേടേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം നിയമലംഘനം നടത്തുന്നവർ ക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.<br>വിദ്യാലയങ്ങളുടെ സമീപത്ത് പുകയില ഉൽപ്പന്നങ്ങളും ലഹരി വസ്തുക്കളും വിൽക്കുന്നതിന് കച്ചവടക്കാർക്ക് ലൈസൻസ് അനുവദിക്കുന്നതല്ല. നഗരസഭയിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ മുഖേന പരിശോധനകൾ നടത്തുന്നുണ്ട്. പോലീസ് അധികൃതർ മുഖേനയും ഇത്തരക്കാർ ക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

കേരള സർക്കാർ

നമ്പർ. 34591/ആർ.ഡി.3/2011/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,തീയതി: 24/11/2011

## സർക്കുലർ

വിഷയം: പാൻ മസാല തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ ലഹരി വസ്തുക്കളുടെ വില്പന നിയന്ത്രിക്കൽ – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ – നിർദ്ദേശങ്ങൾ.

പാൻ മസാല തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ ലഹരി വസ്തുക്കളുടെ വില്പനയും ഉപഭോഗവും സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് കർശനമായി നടപ്പാക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നു. കൂടാതെ, ഇത്തരം ലഹരി വസ്തുക്കളുടെ വില്പനയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 100 മീറ്റർ എന്നുള്ളത് 400 മീറ്റർ എന്നായി വർദ്ധിപ്പിക്കുവാനും സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരോട് സർക്കാർ നിർദ്ദേശിക്കുന്നു. കൂടാതെ, ഡി.ആന്റ്.ഒ ചട്ടങ്ങൾ പ്രകാരം വ്യാപാര സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുമ്പോൾ അതിൽ ഇത്തരം ലഹരി വസ്തുക്കളുടെ വില്പന സംബന്ധിച്ച നിരോധനവും നിയന്ത്രണവും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും അവയുടെ ലംഘനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിക്കുന്നു.

പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വില്പനയ്ക്കും ഉപയോഗത്തിനുമെതിരെ പൊതുജനങ്ങളിൽ ശക്തമായ ബോധവൽക്കരണം നടത്തുവാനും ഇതിലേയ്ക്കായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം 400 മീറ്റർ ചുറ്റളവിൽ ഇവയുടെ വില്പനയ്ക്കുള്ള നിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിന് അദ്ധ്യാപകരുടെയും അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും പോലീസിന്റെയും സഹായം തേടേണ്ടതാണെന്നും സർക്കാർ നിർദ്ദേശിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം -69558
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും
പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ
പബ്ലിസിറ്റിക്ക്)

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ശരി പകർപ്പ്

സെക്ഷൻ ഓഫീസർ